## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1933** **16.06.2014-ൽ മറുപടിയ്ക്ക്**

## ഗ്രാമീണ സ്കൂൾ-കോളേജ് വിദ്യാർത്ഥികളുടെ കായികശേഷി വികസനം

**ചോദ്യം**

**ശ്രീമതി.ഗീതാ ഗോപി**

(എ) ഗ്രാമതലങ്ങളിലുള്ള സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് കായിക പരിശീലനം ലഭ്യമാവുന്നതിന് മതിയായ സൗകര്യങ്ങളില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികളോ, പരിപാടികളോ നടപ്പിലാക്കിവരുന്നുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ;

**മറുപടി**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)**

(എ) & (ബി) ഉണ്ട്. ഇതിനായി ഗ്രാമീണതലങ്ങളിൽ കായിക പരിശീലനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി അതുവഴി യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സ് സംബന്ധിച്ച ആഭിമുഖ്യം വളർത്തി, രാജ്യത്ത് കായിക അടിത്തറ വർദ്ധിപ്പിക്കുകയും, കൂടുതൽ കായിക പ്രതിഭകളെ വളർത്തിയെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രയുവജനകാര്യ കായിക മന്ത്രാലയത്തിന്റെയും, സംസ്ഥാന സർക്കാരിന്റെയും, സഹായത്തോടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പൈക്ക' എന്നറിയപ്പെടുന്ന പഞ്ചായത്ത് യുവക്രീഡാ ഓർ ഖേൽ അഭിയാൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് പൈക്ക സെന്ററുകളായി തെരഞ്ഞെടുക്കുന്ന സർക്കാർ സ്കൂളുകൾക്കോ, സർക്കാർ സ്കൂളുകളുടെ കളിസ്ഥലം ലഭ്യമല്ലാതെ വരുന്ന അവസരത്തിൽ മാത്രം പഞ്ചായത്ത് സ്റ്റേഡിയങ്ങൾക്കോ, എയ്ഡഡ് സ്കൂൾ ഗ്രൗണ്ടുകൾക്കോ ആണ് കളിസ്ഥല നിർമ്മാണ വികസന പ്രവർത്തനങ്ങൾക്കുള്ള ധനസഹായം അനുവദിച്ചുവരുന്നത്.

കോളേജ് തലങ്ങളിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും അവരുടെ കായിക നിലവാരം ഉയർത്തുന്നതിന് പ്രയോജനപ്പെടുന്ന തരത്തിലാണ് പഞ്ചായത്തുതലത്തിലുള്ള ഈ സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്.

കൂടാതെ, സംസ്ഥാനത്തെ നിലവിലുള്ള കളിസ്ഥലങ്ങളുടെ വികസനത്തിനായി കായികവകുപ്പിന്റെ കീഴിൽ SMILE **(സ്പോർട്സ് മിനിസ്റ്റേഴ്സ് ഇൻഫ്രാസ്ട്രക്ചർ ലീപ് റ്റു എക്സലൻസ്)** എന്ന പദ്ധതി കൂടി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിന് താഴെ പറയുന്ന നൂതന സംവിധാനങ്ങൾ സ്കൂൾ കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് അനുവദിച്ചുവരുന്നു.

1. നവീന സ്വിമ്മിംഗ് പൂളുകളുടെ നിർമ്മാണം
2. സിന്തറ്റിക് റണ്ണിംഗ് ട്രാക്കോടുകൂടിയ ലോങ്ങ് ജംപ് പിറ്റുകൾ
3. 4 വരിയുള്ള സിന്തറ്റിക് ട്രാക്കുകളുടെ നിർമ്മാണം
4. സിന്തറ്റിക് റണ്ണപ്പോടുകൂടിയ ഹൈജംപ് പിറ്റുകൾ
5. കബഡി കളിക്കളം
6. സിന്തറ്റിക് ഫുട്ബോൾ പരിശീലന കേന്ദ്രം
7. സിന്തറ്റിക് ടർഫ് നിർമ്മാണം

(സി) ഗ്രാമതലങ്ങളിലെ വിവിധ വിദ്യാലയ-കലാലയങ്ങളെ ഏകോപിപ്പിച്ച് വിദ്യാർത്ഥികളുടെ കായികശേഷി വികസിപ്പിക്കാനും കായിക പ്രതിഭകളെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആലോചിച്ച് നടപ്പിലാക്കിവരുന്നുണ്ടോ ?

(സി) ഗ്രാമീണതലങ്ങളിലെ വിവിധ വിദ്യാലയ-കലാലയങ്ങളെ ഏകോപിപ്പിച്ച് വിദ്യാർത്ഥികളുടെ കായികശേഷി വികസിപ്പിയ്ക്കാനും കായിക പ്രതിഭകളെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും അതുവഴി ആരോഗ്യമുള്ള തലമുറയെ സൃഷ്ടിയ്ക്കുന്നതിന് സഹായകരമാകും വിധം ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി, കരിക്കുലത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. കായിക വിദ്യാഭ്യാസം സ്കൂൾ തലത്തിൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രൈമറി തലത്തിലെ അദ്ധ്യാപകർക്കും, ഹൈസ്കൂൾ തലത്തിലെ കായിക അദ്ധ്യാപകർക്കുമുള്ള പരിശീലന പരിപാടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഹൈസ്കൂൾ തലം കഴിയുമ്പോൾ തന്നെ ഓരോ വിദ്യാർത്ഥിക്കും കുറഞ്ഞത് മൂന്ന് കായിക ഇനങ്ങളിലെങ്കിലും തികഞ്ഞ അവബോധം ലഭിക്കുന്ന തരത്തിലാണ് ആരോഗ്യ കായികവിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട സിലബസ് തയ്യാറാക്കിയിട്ടുള്ളത്. ഒന്ന് മുതൽ നാലു വരെയുള്ള പ്രൈമറി അദ്ധ്യാപകർക്കുവേണ്ടി അദ്ധ്യാപക സഹായി ദൃശ്യവത്ക്കരിച്ച് പത്ത് വീഡിയോ സിഡികൾ അടങ്ങുന്ന സെറ്റ്, 23 ലക്ഷം രൂപ ചെലവിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ സഹായത്തോടെ നിർമ്മിച്ച് കേരളത്തിലെ എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ, കായിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി, സ്പോർട്സ്-വിദ്യാഭ്യാസ -ആരോഗ്യ-തദ്ദേശ സ്വയം ഭരണ വകുപ്പുകളുടെ സഹകരണത്തോടുകൂടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതിയായ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയും (ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ്സ് പ്രോഗ്രാം) 2008-09 വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ